(ബി) അംശദായ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ബോർഡിന് തനതായി ഫണ്ട് സ്വരൂപിക്കാൻ കഴിയാത്തതുകാരണം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന് പരിഹാരമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക 21.051 കോടി രൂപയാണ്.

(ബി) ബോർഡ് ജപ്തിനടപടികൾ സ്വീകരിച്ചിരുന്നു. കുടിശ്ശിക തുക 11/99 മുതൽ 24 മാസതവണകളായി അടച്ചുതീർക്കണമെന്ന വ്യവസ്ഥയിൽ ജപ്തി നടപടികൾ 6 മാസത്തേയ്ക്ക് നിർത്തിവച്ചിരിക്കുകയാണ്.

(സി)&(ഡി) കാലതാമസം കഴിവതും ഒഴിവാക്കി ആനുകൂല്യങ്ങൾ നൽകിവരുന്നു.

**11 (1225) എൻ.സി.ഡി.സി. മുഖേന മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സഹായങ്ങൾ**

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ഡി.സി. മുഖേന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട്;

(ബി) എൻ.സി.ഡി.സി. കൊണ്ടുള്ള പ്രയോജനം കൊടുങ്ങല്ലൂരിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മത്സ്യബന്ധന ഉപകരണങ്ങൾ, മത്സ്യക്കച്ചവടത്തിനുള്ള വായ്പയും അടിസ്ഥാന സൗകര്യങ്ങളും, സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വായ്പകൾ, മത്സ്യലേലം വിപുലപ്പെടുത്തുന്നതിന് സംഘങ്ങൾക്കുള്ള പ്രവർത്തനമൂലധനം, വിജ്ഞാനവ്യാപനത്തിനുള്ള സൗകര്യങ്ങൾ പരിശീലനപരിപാടികൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.

(ബി) ഉണ്ട്.

**12 (1226) മത്സ്യഫെഡിലെ അംഗസംഘങ്ങൾ**

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ ഇപ്പോൾ എത്ര അംഗസംഘങ്ങൾ ഉണ്ട്; ജില്ല തിരിച്ച് എണ്ണവും പേരും വിലാസവും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര തുക നാളിതുവരെ ക്ഷേമ സംഘങ്ങൾവഴി വിതരണം ചെയ്തു;

(സി) ക്ഷേമ സംഘങ്ങളിൽ എല്ലാം കൂടി എത്ര അംഗങ്ങൾ ഉണ്ട്;

(ഡി) മത്സ്യഫെഡിൽ അഫിലിയേഷനുവേണ്ടി ലഭിച്ച അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര; ഏതൊക്കെ;

(ഇ) ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ എത്ര ക്ഷേമ സംഘങ്ങളുടെ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനു ലഭിച്ചിട്ടുണ്ട്; എന്നൊക്കെയാണ് ഈ അപേക്ഷ കിട്ടിയത്;

(എഫ്) ഇതിൻമേൽ എന്തു തീരുമാനം ആണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ജി) മത്സ്യഫെഡ് ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരൊക്കെയാണ്?

ഉത്തരം

(എ) 630 അംഗസംഘങ്ങൾ ഉണ്ട്. ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപും | - | 87 |
| കൊല്ലം | - | 82 |
| ആലപ്പുഴ | - | 114 |
| കോട്ടയം | - | 28 |
| എറണാകുളം | - | 101 |
| തൃശ്ശൂർ | - | 41 |
| മലപ്പുറം | - | 58 |
| കോഴിക്കോട് | - | 64 |
| കണ്ണൂർ | - | 27 |
| കാസർഗോഡ് | - | 28 |

അംഗസംഘങ്ങളുടെ പേരും വിലാസവും അനുബന്ധം -1 ൽ കാണാവുന്നതാണ്.†

(ബി) 84.45 കോടി രൂപ.

(സി) 3,75,680.

(ഡി) ഉണ്ട്. 630 അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധം-1ൽ കാണാവുന്നതാണ്.†

(ഇ)

| | | |
|---|---|---|
| കാസർഗോഡ് | - | ഇല്ല |
| കണ്ണൂർ | - | ഇല്ല |
| കോഴിക്കോട് | - | 5 |
| തൃശ്ശൂർ | - | ഇല്ല |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| എറണാകുളം | - | 4 |
| കോട്ടയം | - | 1 |
| ആലപ്പുഴ | - | 12 |
| കൊല്ലം | - | 2 |
| തിരുവനന്തപുരം | - | 4 |
| ആകെ | - | 28 |

അപേക്ഷകൾ എന്നൊക്കെയാണ് കിട്ടിയത് എന്ന വിവരം ലഭിച്ചു വരുന്നതേയുള്ളൂ.

(എഫ്)പ്രസ്തുത അപേക്ഷകൾ രജിസ്ട്രേഷൻ നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്.

(ജി) ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പേരുവിവരം അനുബന്ധം-II ൽ കാണാവുന്നതാണ്.†

13 (1227) **ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിന് പദ്ധതികൾ**

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഫിഷറീസ് റോഡുകളുടെ നിർമ്മാണം നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പത്താം ധനകാര്യ കമ്മിഷന്റെ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 2001-ാമാണ്ടോടെ നിർമ്മാണത്തിലിരിക്കുന്ന എത്ര ഫിഷറീസ് റോഡുകൾ പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ഫിഷറീസ് റോഡുകളുടെ നിർമ്മാണപ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിനായി പദ്ധതി നിലവിലുണ്ട്. വിശദ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly